ഉത്തരം

ഉണ്ട്.

പ്ലാനിംഗ് ബോർഡിലെ ജീവനക്കാർ

1709 [2566] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പ്ലാനിംഗ് ബോർഡിൽ ക്ലാസ്-1, ക്ലാസ്-2, ക്ലാസ്-3, ക്ലാസ്-4 എന്നീ ഓരോ വിഭാഗങ്ങളിലായി മൊത്തം എത്ര ജീവനക്കാർ ഉണ്ടെന്നും, അവരിൽ ഓരോ വിഭാഗത്തിലുമായി പട്ടിക ജാതിക്കാരും, പട്ടിക വർഗ്ഗക്കാരും, സ്ത്രീകളും എത്രവീതം ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇനിയും ഏതെങ്കിലും ഒഴിവുകളിൽ നിയമനം നടത്താനുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്നും, അവ എന്നത്തേക്കു നടത്തുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ)

	ആകെ	പട്ടികജാതി/പട്ടികവർഗ്ഗം	സ്ത്രീകൾ
ക്ലാസ്—1	10	ഇല്ല	ഇല്ല
ക്ലാസ്—2	81	12	27
ക്ലാസ്—3	153	16	51
ക്ലാസ്—4	37	8	4

(ബി) ഉണ്ട്. 5 ഒഴിവുകൾ. അവയിലേക്ക് നിയമനം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

കുവൈറ്റ് പൗരൻമാരുടെ സന്ദർശനത്തെക്കുറിച്ചുള്ള അന്വേഷണം

1710 [2569] ശ്രീ. എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുവൈറ്റ് പൗരൻമാരുടെ കേരള സന്ദർശനത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) അന്വേഷണ റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ചുമതലപ്പെടുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. നാരായണസ്വാമിയെ ചുമതലപ്പെടുത്തിയിരുന്നു.

(സി) ഉണ്ട്.

(ഡി) റിപ്പോർട്ട് ഗവൺമെൻറിൻെറ പരിഗണനയിലാണ്.

കൊല്ലത്ത് ഇൻേറണൽ കണ്ടയിനർ

1711 [2572] ശ്രീ. ടി. എസ്. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലത്ത് ഒരു ഇൻേറണൽ കണ്ടയിനർ സ്ഥാപിക്കുന്നതിനുള്ള ആലോചനയുണ്ടോ?

ഉത്തരം

ഉണ്ട്.

പെൻഷൻ വാങ്ങാനുള്ള ബുദ്ധിമുട്ട്

1712 [2573] ശ്രീ. ടി. വി. വിജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻകാർക്ക് പെൻഷൻ തുക വാങ്ങാൻ ട്രഷറികളിലും ബാങ്കുകളിലും നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഒഴിവാക്കാനായി ട്രഷറികളിൽനിന്നോ, സ്റ്റേറ്റ് ബാങ്കുകളിൽനിന്നോ നേരിട്ട് പെൻഷൻ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെൻഷൻകാർക്ക് പെൻഷൻ വാങ്ങുന്നതിന് താഴെപറയുന്ന രീതിയിലുള്ള സംവിധാനങ്ങൾ ഇപ്പോഴും നിലവിലുണ്ട്.

(1) ട്രഷറിയിൽ ബില്ലുകൾ നേരിട്ട് ഹാജരാക്കി വാങ്ങുന്ന സംവിധാനം.

(2) സ്റ്റേറ്റ് ബാങ്കുകൾ ഉൾപ്പെടെയുള്ള പബ്ലിക് സെക്ടർ ബാങ്കുകൾ വഴി വാങ്ങുന്നതിനുള്ള സംവിധാനം.

(3) ഗവൺമെൻറിൻെറ ചില്വവിൽ മണി ഓർഡർ മുഖേന പെൻഷൻ വാങ്ങുന്നതിനുള്ള സംവിധാനം.

ആയതിനാൽ ഇതിൽ ഏതെങ്കിലും ഒരു മാർഗ്ഗം തിരഞ്ഞെടുത്ത് പെൻഷൻ വാങ്ങുവാനുള്ള സ്വാതന്ത്ര്യം പെൻഷൻകാർക്കുണ്ട്. പൊതുമേഖലാ ബാങ്കുകൾ വഴി വാങ്ങുന്നതിനുള്ള സംവിധാനം 1984-ൽ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത സൗകര്യം പെൻഷൻകാർ വിരളമായിട്ടേ സ്വീകരിച്ചിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly